ഉത്തരം

(എ) ആനകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി അവയുടെ ആവാസ വ്യവസ്ഥ സംരക്ഷിച്ച് പരിപോഷിപ്പിക്കുക, ആനത്താരകൾ സൃഷ്ടിക്കുക, ആനവേട്ട ഫലപ്രദമായി തടയുക എന്നീ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി 'പ്രോജക്ട് എലിഫന്റ്' എന്ന പദ്ധതി 91-92 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇതിനായി നാളിതുവരെ 581.043 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. ആനത്താരകൾക്കായി വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ 131.4160 ഹെക്ടർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി) കാട്ടിൽ 5737 ആനകൾ ഉള്ളതായാണ് 1997-ലെ സെൻസസ് പ്രകാരം കണക്കാക്കിയിട്ടുള്ളത്.

(സി) നാട്ടിൽ ഏകദേശം 450 ആനകൾ ഉള്ളതായി കണക്കാക്കപ്പെടുന്നു.

(ഡി) ഇല്ല.

(ഇ) കണ്ണൻ എന്ന ആനക്കുട്ടി ചെരിഞ്ഞതല്ലാതെ തൃശൂർ ജില്ലയിൽ ആനക്കുട്ടികൾ വ്യാപകമായ തോതിൽ രോഗം മൂലം ചെരിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ ആനക്കുട്ടിയുടെ മരണകാരണം അറിവായിട്ടില്ല.

(എഫ്) &(ജി) വനം വകുപ്പിന് അറിയില്ല.

55 (372) **വനം വകുപ്പിൽ പുതിയ ആസ്ഥാന മന്ദിരോദ്ഘാടനം**

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ പുതിയ സംസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഈ മന്ദിരത്തിന്റെ നിർമ്മാണത്തിന് വേണ്ടി ഇതുവരെ എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(സി) മന്ദിരത്തിന്റെ യഥാർത്ഥ അടങ്കൽ തുക എത്രയായിരുന്നു;

(ഡി) നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുമ്പോൾ എന്തു തുക ചെലവ് വരും എന്ന് പ്രതീക്ഷിക്കുന്നു;

(ഇ) ഈ മന്ദിരത്തിന്റെ നിർമ്മാണത്തിനുവേണ്ടി എന്തു തുകയ്ക്കുള്ള തേക്കുതടികൾ ഉപയോഗിച്ചിട്ടുണ്ട്;

(എഫ്) പ്രസ്തുത മന്ദിരത്തിന്റെ ഉദ്ഘാടനം സർക്കാർ അറിയാതെ വിപുലമായി ആഘോഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ ഈ മന്ദിരത്തിന്റെ ഉദ്ഘാടനം ലളിതമായ ചടങ്ങായി നടത്തണമെന്ന് വ്യക്തമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ പുതിയ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയായി. ഇലക്ട്രിക്കൽ, ഫർണിഷിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടില്ല.

(ബി) 2,09,92,717 രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 185 ലക്ഷം രൂപയായിരുന്നു.

(ഡി) 3,04,92,717 -രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഇ) 8,36,663/- രൂപയുടെ തേക്കുതടികൾ ഉപയോഗിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ഉൽഘാടനം ലളിതമായി നടത്താനാണുദ്ദേശിക്കുന്നത്.

56 (373) ഗ്രന്ഥശാലകളുടെ കോമ്പൗണ്ടിൽ മരം വച്ചു പിടിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രന്ഥശാലകളുടെ കോമ്പൗണ്ടുകളിൽ മരം വച്ചുപിടിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി എന്തെങ്കിലും പ്രപ്പോസൽ നിലവിലുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ ഗ്രന്ഥശാലകളുടെയും ആഭിമുഖ്യത്തിൽ ഫോറസ്ട്രി ക്ലബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഫർണിച്ചർ ഇല്ലാത്ത ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വയ്ക്കാനുള്ള 'റാക്കുകൾ' സൗജന്യമായി നൽകാൻ വനം വകുപ്പിൽ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എത്ര ഗ്രന്ഥശാലകൾക്ക് 'റാക്കുകൾ' നൽകിയിട്ടുണ്ട്;

(എഫ്) ഇതിനുവേണ്ടി വനം വകുപ്പിന് എന്തു തുക ചിലവായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ജി) എല്ലാ ഗ്രന്ഥശാലകൾക്കും പ്രത്യേകം വനപുസ്തക കോർണർ രൂപീകരിക്കാൻ എന്തെങ്കിലും പദ്ധതിനടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എച്ച്) ഗ്രന്ഥശാലകളുടെ കോമ്പൗണ്ടുകളിൽ മരം വയ്ക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകൾക്ക് ചുമതല നൽകുമോ?

ഉത്തരം

(എ)&(ബി) ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് പദ്ധതിയിൽ 300 ഹെക്ടറോളം പ്രദേശത്ത് മരംവച്ചു പിടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സാമൂഹ്യ വനവൽക്കരണ വിഭാഗം 250 ഹെക്ടർ ഇതിനകം തെരഞ്ഞെടുത്തിട്ടുണ്ട്. ഗ്രന്ഥശാലകൾക്ക് ഈ പദ്ധതിയിൽ ചേർന്ന് മരംവച്ച് പിടിപ്പിക്കാവുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി)&(ഇ) സൗജന്യമായി നൽകാൻ പദ്ധതിയൊന്നുമില്ല. എന്നാൽ വനശാസ്ത്ര പുസ്തക കോർണർ പദ്ധതിയിൽ വരുന്ന ഗ്രന്ഥശാലകൾക്ക് വനശാസ്ത്രപുസ്തകങ്ങൾ സൂക്ഷിക്കുന്നതിനായി വനശാസ്ത്ര പുസ്തക കോർണർ ഏകോപന സമിതി 5.2.99 തീയതിയിലെ തീരുമാനപ്രകാരം വനം വകുപ്പു 100 റാക്കുകൾ വാങ്ങി ഗ്രന്ഥശാലകൾക്ക് സൗജന്യമായി നൽകിയിട്ടുണ്ട്.

(എഫ്) ഒരു ലക്ഷം രൂപ ചിലവായി.

LIBRARY ARCHIVES Kerala Legislative Assembly